# കേരള സർവകലാശാല

നം. പി.ആർ.155/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## അക്കാഡമിക് വിരുദ്ധ പ്രവർത്തനങ്ങൾ ഗവേഷണ യൂണിയൻ അവസാനിപ്പിക്കുക : വൈസ് ചാൻസലർ

'വൈസ് ചാൻസലർ പ്രചരിപ്പിക്കുന്നത് പച്ചക്കള്ളം' എന്ന തലക്കെട്ടോടുളൂടി ആഗസ്റ്റ് 21-ന് ദേശാഭിമാനി പത്രത്തിൽ (ഒമ്പതാം പേജിൽ) വന്ന അടിസ്ഥാനരഹിതമായ വാർത്തയാണ് ഈ കുറിപ്പിനാധാരം. ഈ കഴിഞ്ഞ വ്യാഴാഴ്ച സർവകലാശാല ആസ്ഥാനത്ത് നടന്ന സംഭവങ്ങളുടെ പശ്ചാത്തലത്തിൽ വിദ്യാർത്ഥി പ്രതിനിധികൾ ക്രിമിനലുകളാണെന്നും സർവകലാശാലയിൽ നിരന്തരം പ്രശ്നങ്ങൾ സൃഷ്ടിക്കുന്നവരാണെന്നും വൈസ് ചാൻസലർ പറഞ്ഞു എന്ന് പറയുന്നത് വാസ്തവ വിരുദ്ധമാണ്. ആഗസ്റ്റ് 19-ന് സർവകലാശാല പ്രസിദ്ധീകരിച്ച പത്രക്കുറിപ്പ് പരിശോധിച്ചാൽ ഇക്കാര്യം വ്യക്തമാണ്. എല്ലാ വിദ്യാർത്ഥി പ്രതിനിധികളേയും ക്രിമിനലുകളായി ചിത്രീകരിക്കുന്ന ഒരു വരിപോലും ഇല്ല. പകരം മനേഷ്, അജേഷ്, നജീബ് എന്നീ മൂന്ന് വിദ്യാർത്ഥികളുടെ പേര് എടുത്തു പരാമർശിക്കുകയാണുണ്ടായത്. അച്ചടക്കനടപടിയുടെ ഭാഗമായി ഈ മൂന്ന് പേർക്കും കാരണംകാണിക്കൽ നോട്ടീസ് നൽകിക്കഴിഞ്ഞു.

സുപ്രീം കോടതിയുടേയും ഹൈക്കോടതിയുടെയും വിധിയുടെ അടിസ്ഥാനത്തിൽ 2009, 2016 യു.ജി.സി റഗുലേഷൻ നടപ്പിലാക്കാൻ സർവകലാശാലയ്ക്ക് ബാധ്യതയുണ്ട്. ഇതുമായി ബന്ധപ്പെട്ട പരാതിയുള്ളവർ യു.ജി.സിക്ക് നേരിട്ട് നിവേദനം നൽകാവുന്നതാണ്.

ഗവേഷകരുടെ എക്സ്റ്റെൻഷൻ ഫീസ് വർദ്ധിപ്പിച്ചത് വൈസ് ചാൻസലറുടെ ഏകപക്ഷീയമായ തീരുമാനമല്ല. ഗവേഷണ നിലവാരം ഉയർത്തുന്നതിന്റെ ഭാഗമായി സിൻഡിക്കേറ്റ് ഐകകണ്ഠേന എടുത്ത തീരുമാനമാണ് ഫീസ് വർദ്ധനവ് എന്ന് വീണ്ടും ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. ഗവേഷണത്തെ ഗൗരവപരമായി സമീപിക്കുന്ന വിദ്യാർത്ഥികളെ സംബന്ധിച്ച് ഫീസ് വർദ്ധനവ് ഒരു വിഷയമേ അല്ല. 2016 ജനുവരി സെഷനിൽ ഡോക്ടറൽ കമ്മിറ്റി കഴിഞ്ഞവരുടെ രജിസ്ട്രേഷൻ ഓർഡർ നൽകിയില്ലായെന്ന വാർത്ത തെറ്റിദ്ധാരണാജനകമാണ്. 2016 ജനുവരിയിൽ രജിസ്റ്റർ ചെയ്ത വിദ്യാർത്ഥികളിൽ നിന്നും അർഹരായവരുടെ ഓർഡറുകൾ നൽകി വരികയാണ്.

2013-ൽ കേരള സർവകലാശാലയിൽ നടന്ന വായന സമരവുമായി ബന്ധപ്പെട്ട കേസ് പിൻവലിക്കണമന്ന് ആവശ്യത്തെ മറയാക്കി മുൻ വൈസ് ചാൻസലറായിരുന്ന ഡോ. കെ.എം.എബ്രഹാമിന്റെ കാലം മുതൽ മനേഷ്, അജേഷ്, നജീബ് എന്നീ വിദ്യർത്ഥികൾക്കെതിരെയുള്ള ക്രിമിനൽ കേസുകൾ പിൻവലിക്കണമെന്ന് ആവശ്യത്തിന് വഴങ്ങാൻ സാധിക്കുകയില്ല.

സർവകലാശാല നിയമപരിധിക്കുള്ളിൽ വരുന്ന ഗവേഷണ വിദ്യാർത്ഥി യൂണിയൻ എന്ന സംഘടനയുടെ രക്ഷാധികാരി വൈസ് ചാൻസലർ ആണെന്നിരിക്കെ അദ്ദേഹത്തിനെതിരെ അപവാദ പ്രചരണങ്ങളും മറ്റ് അക്കാഡമിക് വിരുദ്ധ പ്രവർത്തനങ്ങളും സംഘടന നടത്തുന്നത് ചട്ടവിരുദ്ധമാണ് എന്ന് വീണ്ടും ഓർമ്മപ്പെടുത്താനാഗ്രഹിക്കുന്നു.

## പി.ജി രജിസ്ട്രേഷൻ : അവസാന തീയതി ആഗസ്റ്റ് 25

കേരള സർവകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് ഗവ./എയ്ഡഡ്/സ്വാശ്രയ കോളേജുകളിലേക്കുള്ള പി.ജി പ്രവേശനത്തിനുള്ള ഓൺലൈൻ അപേക്ഷകൾ ആഗസ്റ്റ് 25 വൈകുന്നേരം അഞ്ച് മണിവരെ സമർപ്പിക്കാം.

ഓൺലൈൻ വഴി അപേക്ഷ സമർപ്പിച്ചവർ അവരുടെ കൈവശമുള്ള അപേക്ഷയുടെ പ്രിന്റൗട്ട് സൂക്ഷ്മമായി പരിശോധിക്കണം. എന്തെങ്കിലും തിരുത്തലുകൾ വരുത്തുവാനുണ്ടെങ്കിൽ ആഗസ്റ്റ് 25 വൈകുന്നേരം അഞ്ച് മണിക്കകം തിരുത്തണം. പുതിയ പ്രിന്റൗട്ട് തുടർന്നുള്ള ആവശ്യങ്ങൾക്കായി സൂക്ഷിക്കണം. അപേക്ഷയിൽ തെറ്റ് വന്നാൽ വിദ്യാർത്ഥികളുടെ പ്രവേശനത്തെ അത് പ്രതികൂലമായി ബാധിക്കും.

## സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം കമ്മ്യൂണിക്കേഷൻ & ജേർണലിസം പഠനവകുപ്പിൽ എം.സി.ജെ കോഴ്സിന് എസ്.ടി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 23 വൈകുന്നേരം നാല് മണിക്കകം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം വകുപ്പുമായി ബന്ധപ്പെടുക. ഫോൺ. 0471-2308013, 9446705262, 9447713433.

കാര്യവട്ടം സോഷ്യോളജി പഠനവകുപ്പിൽ എം.എസ്.ഡബ്ല്യു കോഴ്സിന് പട്ടികവർഗ്ഗ വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. പട്ടികവർഗ്ഗ വിഭാഗത്തിന്റെ അഭാവത്തിൽ പട്ടികജാതി വിഭാഗക്കാരെ പരിഗണിക്കും. താൽപര്യമുള്ളവർ എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ആഗസ്റ്റ് 25 വൈകുന്നേരം നാല് മണിക്കകം പഠനവകുപ്പിൽ ഹാജരാകണം.

കാര്യവട്ടം ഫിലോസഫി പഠനവകുപ്പിൽ എം.എ ഫിലോസഫി കോഴ്സിന് (2016 അഡ്മിഷൻ) പട്ടികജാതി/ പട്ടികവർഗ്ഗ/ ജനറൽ/ ഈഴവ/ മുസ്ലീം വിഭാഗങ്ങളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. താൽപര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസ്സൽ രേഖകളുമായി ആഗസ്റ്റ് 25-ന് വകുപ്പിൽ ഹാജരാകണം. ഫോൺ 0471-2308746.

കാര്യവട്ടം ഹിസ്റ്ററി പഠനവകുപ്പിൽ എം.എ ഹിസ്റ്ററി (സി.എസ്.എസ്) കോഴ്സിന് എസ്.സി വിഭാഗത്തിൽ ഒരു സീറ്റൊഴിവുണ്ട്. താൽപര്യമുള്ളവർ ആഗസ്റ്റ് 23 രാവിലെ 11 മണിക്ക് വകുപ്പിൽ ഹാജരാകണം. ഫോൺ. 0471-2308839, 9446533386.

## സമ്പർക്ക ക്ലാസ്സില്ല

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗത്തിന്റെ എല്ലാ കേന്ദ്രങ്ങളിലേയും മൂന്നാം വർഷ ബി.എ സമ്പർക്കക്ലാസുകൾക്ക് ആഗസ്റ്റ് 27-ന് അവധിയായിരിക്കും.

## ജർമ്മൻ ഡിപ്ലോമ : അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല ജൻമ്മൻ പഠനവകുപ്പ് നടത്തുന്ന ജർമ്മൻ ഡിപ്ലോമ കോഴ്സിന് (2016-17) അപേക്ഷ ക്ഷണിച്ചു. യോഗ്യത: ജർമ്മൻ സർട്ടിഫിക്കറ്റ് കോഴ്സ് അല്ലെങ്കിൽ തത്തുല്യം. പിഴകൂടാതെ ആഗസ്റ്റ് 30 (50 രൂപ പിഴയോടെ സെപ്റ്റംബർ അഞ്ച്, 250 രൂപ പിഴയോടെ സെപ്റ്റംബർ ഒമ്പത്) വരെ ഫീസ് അടയ്ക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. (എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)

## ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് : അപേക്ഷ ആഗസ്റ്റ് 30 വരെ

കേരള സർവകലാശാല തുടർവിദ്യാഭ്യാസ വ്യാപന കേന്ദ്രം നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ ലൈബ്രറി ആൻഡ് ഇൻഫർമേഷൻ സയൻസ് കോഴ്സിന് ആഗസ്റ്റ് 30 വരെ അപേക്ഷിക്കാം. യോഗ്യത: പ്ലസ് ടു/പ്രീഡിഗ്രി ജയം. കാലാവധി ആറ് മാസം. ഫീസ് 7500/- രൂപ. ഫോൺ. 0471-2302523.

## എം.ബി.എ ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് 29-ന് തുടങ്ങുന്ന ഒന്നാം സെമസ്റ്റർ എം.ബി.എ (ഈവനിംഗ് - 2008 സ്കീം) സപ്ലിമെന്ററി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് പുനർമൂല്യനിർണ്ണയം

കേരള സർവകലാശാല ജനുവരി/ഫെബ്രുവരിയിൽ നടത്തിയ നാലാം സെമസ്റ്റർ ബി.ടെക് (2013 സ്കീം) പരീക്ഷയുടെ എല്ലാ ബ്രാഞ്ചുകളിലേയും ഉത്തരക്കടലാസുകൾ സൂക്ഷ്പരിശോധനയക്ക് ഓൺലൈനായി അപേക്ഷിച്ചവർ ആഗസ്റ്റ് 23 മുതൽ 31 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ വൈകുന്നേരം മൂന്ന് മണിമുതൽ അഞ്ച് മണിവരെയുള്ള സമയം ഫോട്ടോ പതിച്ച തിരിച്ചറിയൽ രേഖ, ഹാൾടിക്കറ്റ് എന്നിവയുമായി പുനർമൂല്യനിർണ്ണയ വിഭാഗത്തിൽ ഹാജരാകണം.

## ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പ്രാക്ടിക്കൽ പരീക്ഷ

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ആഗസ്റ്റ് 18, 23 തീയതികളിൽ കൊല്ലം മുളങ്കാടകം യു.ഐ.ടിയിൽ നടത്താനിരുന്ന അവസാന വർഷ ബി.എസ്സി കമ്പ്യൂട്ടർ സയൻസ്/ബി.സി.എ പ്രാക്ടിക്കൽ പരീക്ഷ യഥാക്രമം ആഗസ്റ്റ് 29, 30 തീയതികളിൽ നടത്തും. കേന്ദ്രത്തിലും സമയക്രമത്തിലും മാറ്റമില്ല.

## ഇന്ത്യയുടെ സാംസ്കാരിക പൈതൃകം കാലത്തെ അതിജീവിക്കുന്നു

ലോകത്തിലെ പ്രധാന പ്രാചീന സംസ്കാരങ്ങളിൽ ഇന്നും നിലനിൽക്കുന്നത് ഇന്ത്യൻ സംസ്കാരം മാത്രമാണെന്നും യവന, മെസപ്പെട്ടോമിയൻ, ബാബിലോണിയൻ ഉൾപ്പെടെയുള്ള മറ്റ് സംസ്കാരങ്ങൾ ഇന്ന് ചരിത്രമായി മാറിയെന്നും അശ്വതി തിരുനാൾ ഗൗരി ലക്ഷ്മിഭായി അഭിപ്രായപ്പെട്ടു.
ഇന്ത്യൻ സംസ്കാരത്തെക്കുറിച്ചും സാമൂഹിക ജീവിതത്തെപ്പറ്റിയും കേരള സർവകലാശാലയിൽ പഠിക്കാൻ എത്തിയ 50-ഓളം ബ്രിട്ടീഷ് വിദ്യാർത്ഥികളുമായി കവടിയാർ കൊട്ടാരത്തിൽ വച്ച് സംവദിക്കുകയായിരുന്നു അശ്വതി തിരുനാൾ.

'പരോപകാരമേ പുണ്യം പാപമേ പര പീഡനം' എന്ന തത്വം മനസ്സിൽ വെച്ച് സമൂഹ നന്മയ്ക്കായി പ്രവർത്തിക്കണമെന്ന് ബ്രിട്ടീഷ് വിദ്യാർത്ഥികളോട് ആഹ്വാനം ചെയ്ത അശ്വതി തിരുനാൾ തന്റെ സ്കൂൾ വിദ്യാഭ്യാസം കൊട്ടാരത്തിൽ ട്യൂട്ടർ വന്നാണ് നടത്തിയതെന്നും ഇഷ്ടപ്പെട്ട വിഷയം ഇംഗ്ലീഷ് സാഹിത്യം ആയിരുന്നെങ്കിലും വിമൻസ് കോളേജിൽ ഈ വിഷയം ഇല്ലാത്തതിനാൽ മറ്റ് കോളേജുകളിൽ പോയാൽ ആൺകുട്ടികളോടൊന്നിച്ച് പഠിക്കേണ്ടി വരുമെന്നുള്ളതുകൊണ്ട് രക്ഷിതാക്കളുടെ നിർബന്ധപ്രകാരം ഇക്കണോമിക്സ് പഠിക്കുകയുണ്ടായി

എന്ന കാര്യവും അനുസ്മരിച്ചു. കേരള സർവകലാശാല നിയമപഠനവകുപ്പ് ഫാക്കൽറ്റി ഡീനും അന്താരാഷ്ട്ര വിഭാഗം മേധാവിയുമായ ഡോ. കെ.സി സണ്ണി, അന്താരാഷ്ട്ര വിഭാഗം കോ-ഓർഡിനേറ്റർ ഡോ. ബിജുകുമാർ, നിധിൻ അനിരുദ്ധൻ, നിഖിൽ ജി, രാഖി ആർ.എൽ തുടങ്ങിയവർ സംബന്ധിച്ചു.
(ഫോട്ടോ ഇ-മെയിൽ ചെയ്തിട്ടുണ്ട്)





**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
22.08.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**